പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3462     18.2.2013-ൽ മറുപടിക്ക്

## പ്ലാസ്റ്റിക് നിരോധനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഇ.എസ്. ബിജിമോൾ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ആണ് നിരോധിച്ചിട്ടുള്ളത്; | എ) സംസ്ഥാനത്ത് 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ആണ് നിരോധിച്ചിട്ടുള്ളത്. |
| ബി) നിരോധിത അളവിനും താഴെയുള്ള പ്ലാസ്റ്റിക്ക് കാരിബാഗുകൾ സംസ്ഥാനത്ത് നിർബാധം ഉപയോഗിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ഉത്പാദനവും വിതരണവും നിറുത്തുന്നതിന് കൈക്കൊണ്ട നടപടി എന്തെന്ന് വ്യക്തമാക്കാമോ; | ബി) നിരോധിച്ചിട്ടുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നില്ല എന്നുറപ്പാക്കാനുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടു വരുന്നു. കൂടാതെ പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരമായി തുണി, ചണം മറ്റ് ജൈവ ഉൽപന്നങ്ങൾ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന സഞ്ചികളും അനുബന്ധ സാധനങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം കുടുംബശ്രീ വഴി നൽകിവരുന്നുണ്ട്. |
| സി) റീസൈക്കിൾ ചെയ്ത് ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ മാത്രമേ വിപണി വഴി വിതരണത്തിന് എത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; | സി) കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്ലാസ്റ്റിക്‌വേസ്റ്റ്(പരിപാലനവും കൈകാര്യവും) ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗപ്പെടുത്തുന്നത്. റീസൈക്കിൾ ചെയ്ത് ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ മാത്രമേ വിപണി വഴി വിതരണത്തിന് എത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) പ്ലാസ്റ്റിക്കിന്റെ പുനർ ഉപയോഗം സാധ്യമാക്കുന്ന എത്ര കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു; അവയുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) പ്ലാസ്റ്റിക്കിന്റെ പുനർ ഉപയോഗം സാധ്യമാക്കുന്ന 221 റീസൈക്ക്ളിങ്ങ് യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. അവയുടെ പ്രവർത്തനത്തെ പ്രോൽസാഹിപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ